പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3449 — 29.01.2014 - ൽ മറുപടിക്ക്

<u>വീ കെയർ പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സാമൂഹികനീതി വകുപ്പ് നടപ്പിലാക്കുന്ന 'വീ കെയർ' പദ്ധതി നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ ; | | സാമ്പത്തികവും, സാമൂഹ്യവുമായ മാറ്റങ്ങൾ മൂലം സാമൂഹ്യ സുരക്ഷ ആവശ്യമുള്ള അശരണരും ആലംബഹീനരുമായവർക്ക് സർക്കാരും, പൊതു സമൂഹവും ചേർന്ന് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വേണ്ടി സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന സംരഭമാണ് 'വീ കെയർ'. ഇത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായുള്ള വിഭവ സമാഹരണം ഏതൊക്കെ മേഖലകളിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; ഇപ്രകാരം എത്ര കോടി രൂപയുടെ ഫണ്ട് സ്വരൂപിക്കാനാകുമെന്നാണ് വകുപ്പിന്റെ കണക്കുകൂട്ടൽ ; വിശദാംശം വ്യക്തമാക്കുമോ ; | (ബി) യും (സി) യും | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതത്തിന് പുറമെ ആവശ്യമായ വിഭവ സമാഹരണം പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾ, ഫൗണ്ടേഷനുകൾ, വ്യക്തികൾ എന്നിവരിൽ നിന്ന് നടത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വീ കെയറിലൂടെ **100** കോടി രൂപ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br>കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വിവിധ ക്ഷേമ പദ്ധതികൾക്ക് ഫണ്ട് കണ്ടെത്താനും സമൂഹത്തിൽ അവശതയനുഭവിക്കുന്നവർക്കായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിനുമുള്ള ഒരു പ്ലാറ്റ്ഫോം ആണ് വീ കെയർ . ആയതിന്റെ മാനദണ്ഡങ്ങൾ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ സമൂഹത്തിലെ ആർക്കെല്ലാം എന്തെല്ലാം സഹായങ്ങൾ നൽകാനാണ് തീരുമാനം ; എങ്കിൽ ആയതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ; | | |
| (ഡി) | ഇതിന് എന്തെങ്കിലും കേന്ദ്ര സഹായം ആവശ്യപ്പെട്ടുവോ ; വ്യക്തമാക്കുമോ; | (ഡി) | പദ്ധതിക്കായി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | 2013-14 നടപ്പു വർഷം ബജറ്റിൽ ഇതിനായി എന്ത് തുക നീക്കിവച്ചിരുന്നു; ആയതിൽ നാളിതുവരെ എന്ത് തുക ചെലവഴിച്ചു ; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | 2013-14 സാമ്പത്തിക വർഷം ബജറ്റിൽ തുക നീക്കിവച്ചിട്ടില്ല. വീ കെയറിന്റെ ചെലവുകൾക്കായി നാളിതുവരെ **2,01,050** രൂപ ചെലവഴിച്ചിട്ടുണ്ട്. പുതിയ പദ്ധതി കൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ **2013 - 14** വാർഷിക ബഡ്ജറ്റിൽ നീക്കി വച്ചിരുന്ന **1** കോടി രൂപയിൽ നിന്നാണ് ചെലവ് വഹിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ